**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **20-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന വടക്കാഞ്ചേരി സ്മാർട്ട് കൃഷി ഭവൻ നിർമ്മാണ പ്രവൃത്തി നിർവ്വഹിച്ചു വരുന്നു. കൃഷി ഭവന്റെ ഫൗണ്ടേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ പദ്ധതിയ്ക്കായി 12.495 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIX പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ5 സ്ഥലത്ത് പുതിയ സബ്മേഴ്സിബിൾ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും, 2 സ്ഥലത്ത് പമ്പുഹൗസുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പമ്പ് ഹൗസ് നിർമ്മാണത്തിനുള്ള ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.<br><br>വടക്കാഞ്ചേരി മണ്ഡലത്തിൽ RIDF-22-ൽ ഉൾപ്പെടുത്തി KLDCചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി.<br><br>1. കോൾനില വികസന പദ്ധതി-I ചെലവഴിച്ചത്: 88.89 ലക്ഷം രൂപ.<br>2. കോൾനില വികസന പദ്ധതി-II ചെലവഴിച്ചത്: 77.092 ലക്ഷം രൂപ. |
| (ബി) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ നിന്നും 2023-24 ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന മങ്കര-എങ്കക്കാട് പാടശേഖരങ്ങളിൽ നടപ്പിലാക്കാവുന്ന 171.8 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും, വരവൂർ പഞ്ചായത്തിലെ നെടുംബ്രയൂർ തെക്കുംഭാഗം പാടശേഖരങ്ങളിൽ നടപ്പിലാക്കാവുന്ന 165 ലക്ഷം രൂപയുടെ മണ്ണ് ജല |

| | | | |
|---|---|---|---|
| | | | സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ആർ.ഐ.ഡി.എഫ്-ൽ പരിഗണിക്കുന്നതിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ